01.06.25 ഓം ശാന്തി അവ്യക്തബാപ്ദാദ മധുബൻ 21-10-05

# സമ്പന്നവും സമ്പൂർണ്ണവുമാകുന്നതിനുള്ള ദിവസം നിശ്ചയിച്ചു സമയമാനുസരിച്ച് ഇപ്പോൾ എവർ റെഡി ആകൂ

ഇന്ന് ബാപ്ദാദ നാനാഭാഗത്തുമുള്ള കുട്ടികളുടെ മൂന്ന് രൂപങ്ങളാണ് കാണുന്നത്. ഏതുപോലെ ബാബയുടെ മൂന്നു സംബന്ധങ്ങളാണ് വിശേഷമായും ഓർമ്മിക്കുന്നത് അതുപോലെ കുട്ടികളുടെയും മൂന്ന് രൂപങ്ങൾ കണ്ട് ബാബ സന്തോഷിക്കുന്നു. തന്റെ മൂന്ന് രൂപങ്ങളും അറിയുമല്ലോ! ഈ സമയത്ത് കുട്ടികൾ എല്ലാവരും ബ്രാഹ്മണ രൂപത്തിലാണ്. ബ്രാഹ്മണരുടെ അന്തിമ സ്റ്റേജാണ് ബ്രാഹ്മണനിൽ നിന്നും ഫരിശ്ത പിന്നീട് ഫാരിശ്ത്യയിൽ നിന്നും ദേവതയാകും. വർത്തമാന ബ്രാഹ്മണ ജീവിതമാണ് ഏറ്റവും വിശേഷമായത്. ബ്രാഹ്മണ ജീവിതം അമൂല്യമാണ്. ബ്രാഹ്മണ ജീവിതത്തിന്റെ വിശേഷതയാണ് പവിത്രത. പവിത്രതയാണ് ബ്രാഹ്മണ ജീവിതത്തിന്റെ റിയാലിറ്റി. ബ്രാഹ്മണ ജീവിതത്തിന്റെ പേഴ്സണാലിറ്റി പവിത്രതയാണ്. പവിത്രത സുഖത്തിന്റെയും ശാന്തിയുടെയും മാതാവാണ്. എത്രത്തോളം പവിത്രത ഉണ്ടോ അത്രയും സുഖവും ശാന്തിയും ജീവിതത്തിന്റെ സ്വാഭാവിക സ്വഭാവമാകും. പവിത്ര ആത്മാക്കളുടെ ലക്ഷ്യം ബ്രാഹ്മണനിൽ നിന്ന് ദേവതയാകുന്നതിനേക്കാൾ ആദ്യം ഫരിശ്തയാകണം എന്നതാണ്. ഫരിശ്തയായിട്ട് ദേവതയാകണം. അതിനാൽ ബ്രാഹ്മണനിൽ നിന്ന് ഫരിശ്തയാകണം, ഫരിശ്തയിൽ നിന്ന് ദേവതയാകണം – ബാപ്ദാദ കുട്ടികളുടെ എല്ലാവരുടെയും ഈ മൂന്ന് രൂപങ്ങളും കാണുകയാണ്. നിങ്ങൾക്കും നിങ്ങളുടെ എല്ലാവരുടെയും മൂന്ന് രൂപങ്ങൾ മുന്നിൽ വരുന്നുണ്ടോ? വന്നില്ലേ? ബ്രാഹ്മണനായി കഴിഞ്ഞു, ഇനിയുള്ള ലക്ഷ്യമാണ് ഫരിശ്തയാകുക. ഇതല്ലേ ലക്ഷ്യം! ഫരിശ്തയാകണം. പരിശോധിക്കണം ജീവിതത്തിൽ ഫരിശ്ത സ്ഥിതിയുടെ ലക്ഷണങ്ങൾ എത്രമാത്രം കാണുന്നുണ്ട്? ഫരിശ്തയുടെ അർത്ഥമിതാണ് ആർക്കാണോ പഴയ ലോകത്തിനോടും പഴയ സംസ്കാരത്തിനോടും യാതൊരു ബന്ധമില്ലാത്തവർ. ഫരിശ്ത എന്നാൽ സമസ്യകൾ വരുമ്പോൾ മാത്രം ഡബിൾ ലൈറ്റ് ആകുന്നവർ അല്ല സദാ മനസ്സാ വാചാ സംബന്ധ സമ്പർക്കത്തിൽ ഡബിൾ ലൈറ്റ് ആയിരിക്കും. ഭാരരഹിതർ. ഭാരമില്ലാത്ത വസ്തുവാണോ ഭാരമുള്ളതാണോ ഇഷ്ടപ്പെടുന്നത്, ഏതാണ് ഇഷ്ടം? ഭാരമില്ലാത്തത് ഇഷ്ടമല്ലേ? ഫരിശ്ത എന്നാൽ സർവ്വരുടേയും, കുറച്ചുപേരുടെയല്ല, സർവ്വരുടേയും പ്രീയപ്പെട്ടവരും വേറിട്ടിരിക്കുന്നവരുമായിരിക്കും. പ്രീയപ്പെട്ടവർ മാത്രമല്ല, എത്രത്തോളം പ്രീയപ്പെട്ടതാണോ അത്രയും വേറിട്ടവരും ആയിരിക്കും. ഫരിശ്തയുടെ അടയാളമാണ് – അവർ സർവർക്കും പ്രീയപ്പെട്ടവർ ആയിരിക്കും, കാണുന്നവരും, സംബന്ധത്തിൽ വരുന്നവരും, സമ്പർക്കത്തിൽ വരുന്നവരും എല്ലാവർക്കും ഇവർ എ ന്റേതാണെന്ന അനുഭവം ഉണ്ടാകും. ബാബയെ എന്റേതാണെന്ന് എല്ലാവരും അനുഭവം ചെയ്യുന്നത് പോലെ. അനുഭവം ചെയ്തിട്ടില്ലേ? അതുപോലെ ഫരിശ്തകളെ എല്ലാവരും പറയും – ഇവർ എന്റേതാണ്. സ്വന്തമാണെന്ന അനുഭവം ഉണ്ടാകും. ഭാരമില്ലാത്തത് ആകുമ്പോൾ ഭാരമില്ലായ്മ സർവ്വർക്കും പ്രീയപ്പെട്ടതാക്കുന്നു. മുഴുവൻ ബ്രാഹ്മണപരിവാരവും ഇവർ സ്വന്തമാണെന്നത് അനുഭവം ചെയ്യും. ഭാരം തോന്നുകയില്ല കാരണം ഫരിശ്തയുടെ അർത്ഥമാണ് ഡബിൾ ലൈറ്റ്. ഫരിശ്ത എന്നാൽ സങ്കൽപം, വാക്ക്, കർമ്മം, സംബന്ധ സമ്പർക്കം എല്ലാത്തിലും പരിധിയില്ലാത്തത്. പരിധി വരരുത്. സർവ്വരും നമ്മുടേതാണ്. ഞാൻ സർവരുടെയും ആണ്. കൂടുതലായി എന്റേത് എന്നത് വരുമ്പോൾ ഭാരമില്ലായ്മ കാണില്ല. സംസ്കാരത്തിലും ഭാരമില്ലായ്മ, അതിനാൽ എത്ര ശതമാനം ഫരിശ്ത സ്റ്റേജ് എത്തി എന്നത് പരിശോധിക്കണം? ചെക്ക് ചെയ്യാൻ അറിയാമോ? ചെക്കർ ആയി മേക്കറും(നിർമ്മാതാവ്) ആയി. ആശംസകൾ.

മഹാരഥികൾ എന്ന് കരുതുന്നവർ ഇപ്പോൾ സമയനുസരിച്ചു അവരുടെ സ്ഥിതി 95 ശതമാനം ആക്കണം. ഇതാണ് ബാപ്ദാദയുടെ ശുഭ ആഗ്രഹം. ആയി മാറില്ലേ! (98 ശതമാനം ആകും എന്ന് ആരോ പറഞ്ഞു) ആശംസകൾ, ഗുലാബ് ജാമുൻ കഴിച്ചോളൂ. കാണുന്നുണ്ടല്ലോ, അറിയാവുന്നതാണ്, ആയിമാറണം. ആയിത്തീരും എന്നല്ല ആകുക തന്നെ ചെയ്യും. ആകും ആകും എന്ന് പറയാതെ, ആകും, നോക്കാം... പരിശ്രമിക്കാം.... ഈ ഭാഷ മാറ്റണം. എടുക്കുന്ന ഓരോ സങ്കല്പവും എത്രത്തോളം നിശ്ചയം ഉള്ളതാണ്, സഫലത നിറഞ്ഞതാണ് എന്ന് പരോശോധിക്കണം. ഇപ്പോൾ ചെക്കിംഗിന്റെ വേഗത തീവ്രമാക്കണം. പരിശോധിച്ചിട്ട് കർമ്മം ചെയ്യണം. സങ്കല്പത്തിൽ വരുന്നതെല്ലാം, തോന്നുന്നതെല്ലാം വാക്കിൽ വന്നു, എല്ലാം സംബന്ധ സമ്പർക്കത്തിൽ വന്നു, അങ്ങനെയാവരുത്. വി.വി.ഐ.പി. കളുടെ ചെക്കിംഗ് എത്രമാത്രമാണെന്ന് അറിയാമല്ലോ. ഓരോന്നും ആദ്യം പരോശോധിക്കും എന്നിട്ടാണ് ചെയ്യുന്നത്. രണ്ടു നാല് മണിക്കൂർ കഴിഞ്ഞുള്ള ചെക്കിംഗ് ഇപ്പോൾ നടക്കില്ല. ചെക്കിംഗ് ചെയ്തിട്ട് ചുവടു വയ്ക്കണം. ആരെല്ലാമാണോ ഇപ്പോൾ വി.വി.ഐ.പി കൾ അവർ ഈ ഒരു ജന്മത്തിൽ മാത്രമാണ്. അവർക്ക് കുറച്ചു സമയം മാത്രമാണ്. നിങ്ങളോ സൃഷ്ടിനാടകത്തിലെ ബ്രാഹ്മണനിൽ നിന്നും ഫരിശ്തയാകുന്നവർ അത്ര വി.വി. ചേർക്കാമോ അതെല്ലാം ചേർന്നതാണ്. ഇനി പേരിനു മുന്നിൽ വി.വി.വി. ചേർക്കണം. നിങ്ങളുടെ ചിത്രങ്ങൾ നിങ്ങൾ ക

ണ്ടില്ലേ, പൂജിക്കപ്പെടുന്നു അത് കണ്ടിട്ടില്ലേ. ക്ഷേത്രങ്ങൾ കണ്ടില്ലെങ്കിലും ചിത്രങ്ങൾ കണ്ടിട്ടില്ലേ. അതിന് ഇപ്പോഴും എത്ര മൂല്യമാണ് ഉള്ളത്. എത്ര വലിയ ക്ഷേത്രങ്ങൾ ആണ് ഉണ്ടാക്കുന്നത്. നിങ്ങളുടെ ചിത്രങ്ങൾക്ക് മൂന്നടി മതി പക്ഷെ അതിന്റെ മൂല്യം എത്രയധികമാണ്. ജഡചിത്രങ്ങൾക്കും മൂല്യം ഉണ്ട്. മൂല്യം ഇല്ലേ! നിങ്ങളുടെ ചിത്രങ്ങൾ ദർശിക്കാൻ എത്ര വലിയ ക്യൂ ആണ്. ചൈതന്യത്തിലും എത്ര വലിയ വി . വി. ഐ. പി കളാണ്. ചുവടു വയ്ക്കുന്നതിന് മുൻപ് പരിശോധിക്കണം. ചെയ്തു കഴിഞ്ഞു പരോശോധിച്ചാൽ അത് കഴിഞ്ഞു പോയില്ലേ. ആ ചുവട് പിന്നെ നിങ്ങളുടെ കൈയ്യിൽ വരില്ല. അജ്ഞാന കാലത്തും ചിന്തിച്ചു മനസിലാക്കി പ്രവർത്തിക്കാൻ പറയും. കർമ്മം ചെയ്തിട്ട് ചിന്തിക്കുക അല്ല, ആദ്യം ചിന്തിക്കൂ പിന്നീട് ചെയ്യൂ. അതിനാൽ തന്റെ സ്വമാനത്തിന്റെ സീറ്റിൽ ഇരിക്കൂ. പൊസിഷനിൽ ഇരിക്കുമ്പോൾ എതിർപ്പുകൾ ഉണ്ടാകില്ല. പൊസിഷനിൽ ഇരിക്കാതിരിക്കുമ്പോൾ ആണ് മായയുടെ എതിർപ്പുകൾ വരുന്നത്. നിങ്ങളുടെ എല്ലാവരുടെയും ലക്ഷ്യം സമ്പന്നവും സമ്പൂർണ്ണവും ആകുക എന്നതാണ്, ലക്ഷ്യമുണ്ടോ അതോ കുറച്ചൊക്കെ ആയാൽ മതിയോ? ലക്ഷ്യം ഉണ്ടോ? എല്ലാവർക്കും ലക്ഷ്യം ഉണ്ടെങ്കിൽ കൈകൾ ഉയർത്തൂ. സമ്പൂർണം ആകണമോ? ശരി എപ്പോൾ ആകും? നിങ്ങൾ എല്ലാവരോടും ചോദിക്കാറില്ലേ? വിദ്യാർത്ഥികളോട് അധ്യാപകൻ ചോദിക്കാറില്ലേ – നിങ്ങളുടെ ലക്ഷ്യം എന്താണ്? ബാപ്ദാദ ഇന്ന് വിശേഷിച്ചു ടീച്ചർമാരോട് ചോദിക്കുകയാണ്. 30 വർഷമായവർ ഇരിക്കുകയാണല്ലോ. നാളെയും 30 വർഷമായവർ ഒന്നിച്ചിരുന്നു പ്രോഗ്രാം ഉണ്ടാക്കണം. ധാരാളം മീറ്റിംഗ് നടത്താറുണ്ട്. ബാപ്ദാദ കാണുന്നു മീറ്റിംഗ് മീറ്റിംഗ് മീറ്റിംഗ് മീറ്റിംഗ്. എന്നാൽ ഇപ്പോൾ ഈ മീറ്റിംഗ് ചെയ്യണം, എപ്പോൾ സമ്പന്നമാകും? മറ്റെല്ലാ പരിപാടികളും ചെയ്യുന്നു, തീയതി നിശ്ചയിക്കുന്നു, ഈ ദിവസം ഈ പ്രോഗ്രാം, ഇതിന്റെ തീയതി ഇല്ല? എത്ര വർഷം വേണമെന്ന് പറയൂ. കാരണം? ബാപ്ദാദ എന്ത് കൊണ്ട് പറയുന്നു? കാരണം പ്രകൃതിയും ചോദിക്കുന്നുണ്ട് വിനാശം എപ്പോൾ വേണം? ബാപ്ദാദ എന്ത് ഉത്തരം കൊടുക്കണം. ബാപ്ദാദ കുട്ടികളോട് ചോദിക്കുന്നു. എപ്പോൾ വരെ? ഇന്നത്തെ വിശേഷ തലകെട്ടാണ് എപ്പോൾ വരെ? ഡബിൾ വിദേശികൾ ഇരിക്കുന്നുണ്ട്, ഡബിൾ പുരുഷാർത്ഥികൾ അല്ലെ. അതിശയം ചെയ്യണം. വിദേശികൾ ഉദാഹരണമാകണം – ബ്രാഹ്മണ പരിവാരത്തിന് മുന്നിൽ, വിശ്വത്തിന് മുന്നിൽ സമ്പന്നവും സമ്പൂർണ്ണവും. സർവ്വ ശക്തികളാലും സർവ്വ ഗുണങ്ങളാലും സമ്പന്നം അതായത് സമ്പൂർണ്ണം, സർവ്വ വേണം. മനസ്സാ, വാചാ, സംബന്ധ സമ്പർക്കം നാലിലും, ഏതിലെങ്കിലും കുറവ് വന്നാൽ സമ്പന്നം എന്ന് പറയില്ല. നാല് കാര്യങ്ങൾ ഓർമ്മ ഉണ്ടല്ലോ – മനസ്സാ, വാചാ, സംബന്ധ സമ്പർക്കം അതിൽ കർമ്മവും വന്നു, നാല് കാര്യങ്ങളിലും. മനസ്സാ വാചാ ഞങ്ങൾ ശരിയാണ്, സംബന്ധ സമ്പർക്കത്തിൽ കുറച്ചു ബാക്കിയുണ്ട്. കേൾപ്പിച്ചിരുന്നല്ലോ – ആരുടെ മുന്നിൽ പോയാലും, ആരുടെ സമ്പർക്കത്തിൽ പോയാലും ഇവർ നമ്മുടേതാണ് എന്ന് അവർക്ക് അനുഭവമാകണം. എന്റേത് ആകുമ്പോൾ അവകാശം ഉണ്ടല്ലോ. മറ്റുള്ളവരുടേതിൽ ഇത്രയും ലഘുത്വം വരില്ല, കുറച്ചു കഠിനമായി തോന്നും എന്നാൽ എന്റേത് ലഘുവായി തോന്നും. അതിനാൽ സർവ്വതിനോടും അനായാസമായിരിക്കുക. എന്റെ സോണിൽ മാത്രം അനായാസമായിരിക്കാം എന്നല്ല, സ്വന്തം സെന്ററിൽ മാത്രം അനായാസമായിരിക്കുന്നവർ അല്ല. സോണിൽ അല്ലെങ്കിൽ സെന്ററിൽ മാത്രം അനായാസമായിരുന്നാൽ വിശ്വരാജാവാകുന്നത് എങ്ങനെയാണ്? വിശ്വകല്യാണകാരി അകാൻ കഴിയില്ല, വിശ്വ രാജൻ ആകാനും കഴിയില്ല. രാജാവ് എന്നാൽ സിംഹാസനത്തിൽ ഇരിക്കുക മാത്രമല്ല, രാജധാനിയിൽ റോയൽ ഫാമിലിയിലും രാജ്യ അധികാരം ഉണ്ട്. അപ്പോൾ എന്ത് ചെയ്യണം? എപ്പോൾ വരെ എന്ന ചോദ്യത്തിന് ഉത്തരം തരില്ലേ! മീറ്റിംഗ് ചെയ്യാം, മീറ്റിംഗ് നടത്തി ഫൈനൽ ആക്കണം. ചെയ്യില്ലേ? ശരി.

എല്ലാവരും ശരിയല്ലേ, ചെയ്യണം എന്ന് ഉത്സാഹം തോന്നുന്നുണ്ടോ? ബാപ്ദാദ ഉന്മേഷവും ഉത്സാഹവും വർദ്ധിപ്പിക്കുന്നു. ഉന്മേഷം ഉത്സാഹത്തോടെയിരിക്കുന്നത് കാണുമ്പോൾ മായ എന്തെങ്കിലുമൊക്കെ ചെയ്യുന്നു, കാരണം ഇപ്പോൾ മായയുടെ അന്തിമ സമയം സമീപത്തെത്തി. മായയും തന്റെ അസ്ത്ര ശസ്ത്രങ്ങൾ ഉപയോഗിക്കും, അത്രയക്ക് പാലന തരും ഇത് മായയുടെ പാലന ആണെന്ന് മനസിലാകില്ല . മായയുടെ വഴിയാണോ അതോ ബാബയുടെ വഴിയാണോ രണ്ടും കലർത്തികളെയും. ഫരിശ്തയാകുന്നതിനുള്ള പുരുഷാർത്ഥത്തിൽ വിശേഷമായി തടസ്സം ഉണ്ടാക്കുന്നത് രണ്ടു വാക്കുകൾ ആണ്. സാധാരണ വാക്കുകൾ ആണ് പ്രയാസമില്ല, എല്ലാവരും പല പ്രാവശ്യം ഉപയോഗിക്കുന്നത് ആണ്. അത് ഏതാണ്? ഞാൻ എന്റേത്. ഈ ഞാൻ എന്റെതിനെ പരിവർത്തനം ചെയ്യുവാനുള്ള സഹജ വിധി ബാപ്ദാദ ആദ്യമേ പറഞ്ഞു തന്നിട്ടുണ്ട്, ഓർമ്മയുണ്ടോ? നോക്കൂ, നിങ്ങൾ ഞാൻ എന്ന വാക്ക് ഉപയോഗിക്കുമ്പോൾ ഞാൻ ആത്മാവാണ് എന്നത് മുന്നിൽ വരണം. ഞാൻ എന്ന വാക്ക് പറയുമ്പോൾ ആത്മസ്വരൂപം മുന്നിൽ കൊണ്ടുവരൂ. വെറുതെ ഞാൻ എന്ന വാക്ക് പറയാതെ ഞാൻ ആത്മാവാണ്. ഇത് സ്വാഭാവികമായി സ്മൃതിയിൽ കൊണ്ട് വരണം. ഞാൻ എന്ന വാക്കിനൊപ്പം ആത്മാവ് എന്നത് ചേർക്കൂ. ഞാൻ ആത്മാവാണ്. എന്റെ എന്ന വാക്ക് പറയുമ്പോൾ ആദ്യം പറയണം എന്റെ ബാബ, എന്റെ തൂവാല, എന്റെ സാരി,.....ഇത് എന്റെത്. ആദ്യം എന്റെ ബാബ. എന്റെ എന്ന വാക്ക് പറയുമ്പോൾ ആദ്യം ബാബ മുന്നിൽ വരണം. ഞാൻ എന്ന വാക്ക് പറയുമ്പോൾ ആത്മാവ് മുന്നിൽ വരണം. ഈ സ്വഭാവം സ്വതവേ വരണം. സഹജമാണോ

പ്രയാസമാണോ? ഞാൻ ആത്മാവാണ് എന്ന് അറിയാവുന്നതാണ്. ആ സമയത്ത് അംഗീകരിക്കില്ല. അറിയുന്നത് 100 ശതമാനമാണ്, അംഗീകരിക്കുന്നതിൽ ശതമാനം വരുന്നു. ശരീര ബോധം സ്വാഭാവികമായപ്പോൾ ഞാൻ ശരീരം ആണ് എന്നത് ഓർമ്മിക്കണമോ സ്വതവേ ഓർമ്മ ഉണ്ടല്ലോ. ഞാൻ എന്ന വാക്ക് ആദ്യം സങ്കല്പത്തിലാണ് വരുന്നത് അപ്പോൾ ഞാൻ എന്ന വാക്ക് സങ്കല്പത്തിൽ വരുമ്പോൾ ആത്മ സ്വരൂപം മുന്നിൽ വരണം. ഈ അഭ്യാസം ചെയ്യുന്നത് സഹജമല്ലേ? ഞാൻ എന്ന് മാത്രം പറയാതെ ആത്മാവ് എന്ന് ചേർത്ത് പറയണം. പക്കാ ആയിമാറും. ഏതുപോലെ ശരീരത്തിന്റെ പേര് പക്കയാണ്. മറ്റാരെയെങ്കിലും ആണ് വിളിച്ചതെങ്കിൽ നിങ്ങൾ പ്രതികരിക്കില്ല. ഞാൻ ആത്മാവ് ആണ്. ആത്മാവിന്റെ ലോകം ബാപ്ദാദയാണ്, ആത്മാവിന്റെ സംസ്കാരമാണ് ബ്രാഹ്മണനിൽ നിന്ന് ഫരിശ്ത, ഫരിശ്തയിൽ നിന്നും ദേവത. എന്താണ് ചെയ്യണ്ടേത്? മനസ്സിന്റെ ഈ ഡ്രിൽ ചെയ്യണം. ഇപ്പോൾ ഡോക്ടർമാർ പറയാറുണ്ട് ഡ്രിൽ ചെയ്യൂ, ഡ്രിൽ ചെയ്യൂ. വ്യായാമം ചെയ്യൂ. അപ്പോൾ ഈ വ്യായാമം ചെയ്യൂ. ഞാൻ ആത്മാവ്, എന്റെ ബാബ, കാരണം ഡ്രാമയനുസരിച്ചു സമയത്തിന്റെ ഗതിയുടെ വേഗം കുറയ്ക്കേണ്ടി വരുന്നു. രചയിതാവാണ് തീവ്രമാകണ്ടത്, രചന അല്ല, എന്നാൽ ഇപ്പോൾ സമയം വേഗത്തിൽ പോകുകയാണ്. പ്രകൃതി എവർ റെഡിയാണ്, ആജ്ഞയ്ക്കായി കാത്ത് നിൽക്കുന്നു. ഡ്രാമയിലെ സമയമാകുമ്പോൾ ഓർഡർ ചെയ്യും . സ്ഥാപന ചെയ്യുന്നവർ ആയില്ലെങ്കിൽ വിനാശത്തിനു ശേഷം പ്രളയം ഉണ്ടാകുമോ? പ്രളയം വരണമോ? അതോ വിനാശത്തിനു ശേഷം സ്ഥാപന നടക്കണമോ? അപ്പോൾ സ്ഥാപനയ്ക്കു നിമിത്തമായിരിക്കുന്നവർ ഇപ്പോൾ സമയമനുസരിച്ചു എവർറെഡി ആകണം. ബാപ്ദാദ ഇതാണ് കാണാൻ ആഗ്രഹിക്കുന്നത്. ഏതുപോലെ ബ്രഹ്മ ബാബ അർജുനൻ ആയില്ലേ. ഉദാഹരണമായില്ലേ. അതുപോലെ ബ്രഹ്മബാബയെ ഫോളോ ചെയ്യുന്നവർ ആരാകും? സ്വയത്തെ നോക്കണം, സമയവും നോക്കണം.

ബാപ്ദാദ മുൻപും പറഞ്ഞതാണ് വർത്തമാന സമയത്ത് ബ്രാഹ്മണനിൽ നിന്നും ഫരിശ്തയാകുന്ന ആത്മാക്കൾ എല്ലാവരും നിമിത്തഭാവം നിർമാന ഭാവം ഈ രണ്ടു വാക്കുകളും അടിവരയിടണം ഇതിലൂടെ ശരീര ബോധത്തിന്റെ ഞാൻ എന്ന ഭാവം സമാപ്തമാകും. എന്റെത് എന്ന ഭാവം സമാപ്തമാകും. നിമിത്തമാണ് നിർമാനസ്വാഭാവം. നിർമാനമാകുന്നിടത്തോളം ബഹുമാനം ലഭിക്കും കാരണം ആരാണോ നിർമാനമാകുന്നത് അവർ സർവർക്കും പ്രീയപ്പെട്ടവരാകും. പ്രീയപെട്ടവരാകുമ്പോൾ ബഹുമാനം സ്വയമേ ലഭിക്കും . അതിനാൽ നിമിത്തവും നിർമാന ഭാവവും, ഭാവന ശുഭഭാവനയും. ഭാവവും ഭാവനയും രണ്ടു കാര്യങ്ങൾ ഉണ്ട്. നിമിത്തവും നിർമാന ഭാവവും ഭാവനയും ഓരോരുത്തരെ പ്രതിയും ശുഭ ഭാവനയും ശുഭ കാമനയും. നിങ്ങളുടെ നിമിത്ത നിർമാന ഭാവവും ശുഭ ഭാവനയും അങ്ങനെയുള്ള വായുമണ്ഡലം തയ്യാറാക്കും എങ്ങെനെ ഉള്ളവർ മുന്നിൽ വന്നാലും വൈബ്രേഷനിൽ കൂടി പരിവർത്തനം ആകും. ചില കുട്ടികൾ ആത്മീയ സംഭാഷണം ചെയ്യുമ്പോൾ പറയാറുണ്ട് ഞാൻ ഒരു മാസം ശുഭ ഭാവന വച്ചു, അവർ മാറിയില്ല. പിന്നീട് തളർന്നു പോകുന്നു ഹൃദയം തകർന്നവരാകുന്നു. അവരുടെ മനോഭാവവും ദൃഷ്ടിയും പാറ പേലെയാണ്, അതിനു കുറച്ചു സമയം വേണമല്ലോ. ഇനി അവർ മാറുന്നില്ല എങ്കിലും തന്നെ നേരെയാക്കി വയ്ക്കൂ. നിങ്ങൾ സ്വന്തം പൊസിഷനിൽ ഇരിക്കൂ. നിങ്ങൾ എന്തിനാണ് മനസ്സ് തകർന്നവരാകുന്നത്. മനസ്സ് തകർന്നവരാകരുത്. ശരി അവർ മാറുന്നില്ലെങ്കിൽ ഞാൻ അവർക്കൊപ്പം മാറരുത്. നിങ്ങൾ മനസ്സ് തകർന്നവരായാൽ അവരാണ് ശക്തിശാലി അവർ നിങ്ങളെയും മാറ്റി. നിങ്ങൾ എന്തിനാണ് നിങ്ങളുടെ സ്വമാനത്തിന്റെ സീറ്റ് ഉപേക്ഷിക്കുന്നത്? വ്യർത്ഥ ചിന്തകളും വരരുത് കാരണമെന്ത്? എന്ത് എന്ന് പറയുമ്പോൾ വ്യർത്ഥ ചിന്തകളുടെ വാതിൽ തുറക്കുന്നു. ഈ വാതിൽ അടയ്ക്കാൻ പ്രയാസമാണ് അതിനാൽ എന്ത് കൊണ്ട് എന്ന് ചിന്തിക്കാതെ ദയാഹൃദയരായി വൈബ്രേഷൻ കൊടുത്ത് കൊണ്ടിരിക്കൂ. നിങ്ങൾ എന്തിനാണ് സ്വന്തം സീറ്റ് ഉപേക്ഷിച്ചു മനസ്സ് തകർന്നവരാകുന്നത്. പൊസിഷനിൽ നിന്ന് താഴെ വരരുതെന്ന് ഓർമ്മ വേണം അല്ലെങ്കിൽ എതിർപ്പുകൾ ധാരാളം വരും. വ്യക്തികളുടെ എതിർപ്പ് വരും, സ്വാഭാവ സംസ്കാരത്തിന്റെ എതിർപ്പ് വരും, ചിന്തകളിൽ എതിർപ്പ് വരും അതിനാൽ പൊസിഷനിൽ ഇരിക്കൂ. നാളെ എന്ത് ചെയ്യണം? ഓർമ്മയുണ്ടോ? ബാപ്ദാദയോട് സ്നേഹം ഉണ്ട് അതിനാൽ ബാപ്ദാദ കരുതുന്നു എല്ലാവരും ബ്രഹ്മബാബയ്ക്ക് സമാനരായിത്തീരണം. ബാബയ്ക്ക് മുന്നിൽ എതിർപ്പുകൾ വന്നില്ലേ, ബ്രഹ്മബാബയ്ക്ക് മുന്നിൽ എതിർപ്പുകൾ ഉണ്ടായില്ലേ, മായയുടേത് വന്നു, ആത്മാക്കളുടേത് വന്നു, പ്രകൃതിയുടെയും വന്നു, എങ്കിലും ബ്രഹ്മബാബ പൊസിഷൻ ഉപേക്ഷിച്ചോ? ഉപേക്ഷിച്ചില്ലല്ലോ? അതിനാലാണ് ഫരിശ്ത ആയത്. ഇപ്പോൾ സ്വയം ഫരിശ്തയാണെന്നു മനസിലാക്കി നടക്കണം, ഞാൻ ഫരിശ്തയാണ്... എല്ലാവരെയും ഫരിശ്തകളായി കാണൂ, എല്ലാവരും ഫരിശ്തകളാണ്. എനിക്ക് പഴയ ലോകവുമായി ബന്ധം ഇല്ല, പഴയ സംസ്കാരങ്ങളുമായി ബന്ധമില്ല. ഈ ബ്രാഹ്മണരുമായി ബന്ധങ്ങൾ ഇല്ല. എല്ലാം തീർന്നു. എല്ലാവരെയും ഫരിശ്തയാണ് ഈ ദൃഷ്ടിയിലൂടെ നോക്കൂ. വായുമണ്ഡലം തയ്യാറാകൂ, ശരി.

ഇപ്പോൾ ഒരു മിനിറ്റിൽ ശക്തിശാലിയായി വിശ്വത്തിലെ ആത്മാക്കൾക്ക് സർവ്വ ശക്തിസമ്പന്ന കിരണങ്ങ

ൾ കൊടുക്കൂ നിങ്ങളുടെ ശക്തിയുടെ വൈബ്രേഷൻ വിശ്വത്തിൽ വ്യാപിക്കട്ടെ. (ഡെഡ് സൈലെൻസ്) ശരി.

നാനാഭാഗത്തുമുള്ള ബ്രാഹ്മണരിൽ നിന്ന് ഫരിശ്തയാകുന്ന കുട്ടികൾക്ക്, സദാ സ്വദർശനത്തിൽകൂടി സ്വയത്തെ ചെക്ക് ചെയ്ത് ചേഞ്ച് ചെയ്യുന്ന കുട്ടികൾക്ക്, ബ്രഹ്മബാബയെ ഫോളോ ചെയ്യുന്ന ആജ്ഞാകാരി കുട്ടികൾക്ക്, സദാ ഡബിൾ ലൈറ്റ് ആയി സേവനവും പുരുഷാർത്ഥവും ചെയ്യുന്ന ഫരിശ്ത ആത്മാക്കൾക്ക്, സദാ തന്റെ പൊസിഷന്റെ സീറ്റിൽ സെറ്റ് ആയിരുന്ന് എതിർപ്പുകൾ സമാപ്തമാക്കുന്ന മാസ്റ്റർ സർവ്വ ശക്തിവാൻമാരായ കുട്ടികൾക്ക്, സംഗമ യുഗത്തിന്റെ പ്രത്യക്ഷ ഫലം അനുഭവം ചെയ്യുന്ന ബാബയുടെ സമീപത്തുള്ള കുട്ടികൾക്ക് ബാപ്ദാദയുടെ സ്നേഹ സ്മരണകളും നമസ്തേയും.

## വരദാനം:- പ്രത്യക്ഷതയുടെ സമയം സമീപത്ത് കൊണ്ട് വരുന്ന സദാ ശുഭ ചിന്തകരും സ്വചിന്തകരുമായി ഭവിക്കട്ടെ.

സേവനത്തിന്റെ സഫലതയ്ക്കു ആധാരം ശുഭ ചിന്തക വൃത്തിയാണ്. കാരണം നിങ്ങളുടെ ഈ വൃത്തി ആത്മാക്കളുടെ ഗ്രഹണ ശക്തിയും ജിജ്ഞാസയും വർധിപ്പിക്കുന്നു, വാക്കിന്റെ ഈ സേവനം സഹജമായി സഫലമാകുന്നു സ്വയത്തെ പ്രതി സ്വചിന്തനം ചെയ്യുന്ന സ്വചിന്തകരായ ആത്മാക്കൾ സദാ മായാ പ്രൂഫ്, മറ്റുള്ളവരുടെ കുറവുകളെ ഗ്രഹണം ചെയ്യുന്നതിൽ നിന്നും, വ്യക്തി വൈഭവങ്ങളുടെ ആകർഷണത്തിൽ നിന്നും പ്രൂഫ് ആകുന്നു. ഈ രണ്ട് വരദാനങ്ങളെയും പ്രാക്ടിക്കൽ ജീവിതത്തിൽ കൊണ്ട് വരുമ്പോൾ പ്രത്യക്ഷതയുടെ സമയം സമീപത്തെത്തും.

## സ്ലോഗൻ:- തന്റെ സങ്കല്പങ്ങളെയും അർപ്പിക്കുകയാണെങ്കിൽ സർവ്വ കുറവുകളും സ്വതവേ ദൂരെയാകും.

**അവ്യക്ത സൂചന:- ആത്മീയ സ്ഥിതിയിൽ ഇരിക്കുന്നതിന്റെ അഭ്യാസം ചെയ്യൂ അന്തർമുഖിയാകൂ.**
പരമാത്മ സ്നേഹത്തിന്റെ അനുഭവം ചെയ്യുന്നതിനായി ദേഹത്തിൽ നിന്ന് വേറിട്ട് ദേഹി (ആത്മീയ) രൂപത്തിൽ സ്ഥിതി ചെയ്യുന്നതിന്റെ അഭ്യാസം വർധിപ്പിക്കൂ സദാ അന്തർമുഖതയുടെ ഗുഹയിൽ ഇരിക്കുകയാണെങ്കിൽ പഴയ ലോകത്തിന്റെ വാതാവരണത്തിൽ നിന്ന് ഉപരിയായി മാറും. വാതാവരണത്തിന്റെ പ്രഭാവത്തിൽ വരില്ല.